# കേരള സർവ്വകലാശാല

അസിസ്റ്റൻറ് എൻജിനീയറുടെ കാര്യാലയം
ഹെഡ്ക്വാർട്ടേഴ്സ് സെക്ഷൻ, തിരുവനന്തപുരം
ഫോൺ-0471-2386277

## മരം വിൽപന - പുനർ ലേല പരസ്യം

കേരള സർവ്വകലാശാലയുടെ പാളയം സെനറ്റ്ഹൗസ്കാമ്പസിൽ പുതുതായി നിർമ്മിച്ചു കൊണ്ടിരിക്കുന്ന സ്റ്റുഡൻസ് അമിനിറ്റി സെന്ററിനു സമീപം നിൽക്കുന്ന പ്ളാവ് (1), ആഞ്ഞിലി (1) എന്നീ മരങ്ങൾ താഴെ പറയുന്ന സ്ഥലത്തും സമയത്തും നടത്തുന്ന പരസ്യ ലേലത്തിലൂടെ/ക്വട്ടേഷൻ വ്യവസ്ഥയിൽ വിൽപന നടത്തുന്നതാണ്.

**ലേല സ്ഥലം :- അസിസ്റ്റൻറ് എൻജിനീയറുടെ ഓഫീസ്**
**ഹെഡ്ക്വാർട്ടേഴ്സ് സെക്ഷൻ,തിരുവനന്തപുരം**

**ലേല തീയതി :- 2016 ഡിസംബർ 14 ബുധനാഴ്ച**
**ലേല സമയം :- രാവിലെ 11 മണി**

ലേലത്തിൽ പങ്കെടുക്കുന്നതിന് താൽപര്യമുള്ളവർ അന്നേ ദിവസം തിരിച്ചറിയൽ കാർഡിന്റെ പകർപ്പും നിരതദ്രവ്യമായി അസിസ്റ്റൻറ് എൻജിനീയർ ഹെഡ്ക്വാർട്ടേഴ്സ് സെക്ഷൻെറ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന **4400/-** രൂപയുടെ ഡിമാൻഡ് ഡ്രാഫ്ററും സഹിതം നേരിട്ടു ഹാജരാകേണ്ടതും ലേലത്തിൽ പങ്ക് ചേരേണ്ടതുമാണ്. ക്വട്ടേഷനുകൾ വെള്ളപേപ്പറിൽ എഴുതി തയ്യാറാക്കിയതിനോടൊപ്പം മേൽ വിവരിച്ച 4400/- രൂപയുടെ ഡിമാൻഡ് ഡ്രാഫ്റ്റ് സഹിതം **2016 ഡിസംബർ 13 ചൊവ്വാഴ്ച** വൈകുന്നേരം **5.00** മണിക്കു മുമ്പ് ലഭിക്കത്തക്ക വിധത്തിൽ അസിസ്റ്റൻറ് എൻജിനീയർ ഹെഡ്ക്വാർട്ടേഴ്സ് സെക്ഷൻ, കേരള സർവ്വകലാശാല എന്ന വിലാസത്തിൽ രജിസ്ട്രേഡ് പോസ്റ്റായി മാത്രം നൽകേണ്ടതാണ്.

ക്വട്ടേഷനുകൾ ഹാജരായ വ്യക്തികളുടെ സാന്നിധ്യത്തിൽ ലേലത്തിനു ശേഷം തുറക്കുന്നതും ലേല തുകയോ, ക്വട്ടേഷൻ തുകയോ ഏതാണോ കുടുതൽ അത് രജിസ്ട്രാറുടെ അനുമതിയ്ക്കു വിധേയമായി സ്ഥിരപ്പെടുത്തി നൽകുന്നതായിരിക്കും. വിൽപന സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ മുഴുവൻ തുകയും **3** പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ സർവകലാശാല ക്യാഷ് കൗണ്ടറിൽ അടയ്ക്കേണ്ടതും യുണിവേഴ്സിററിയുടെ വസ്തുവകകൾക്കും കെട്ടിടങ്ങൾക്കും നാശമുണ്ടാകാതെ സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും വൃക്ഷങ്ങൾ, വേര്, ശിഖരം എന്നിവ സഹിതം പുർണമായും നീക്കം ചെയ്യേണ്ടതുമാണ്.

ലേല തുകയോടൊപ്പം 14.5% വാററ്+1% സെസ് എന്നിവയും ആകെ തുകയുടെ 5% വനനികുതിയായും അടയ്ക്കേണ്ടതുമാണ്. തിരിച്ചറിയൽ രേഖയുടെ

പകർപ്പ്, നിരതദ്രവ്യമായി  ഡിമാൻഡ് ഡ്രാഫ്റ്റ് എന്നിവ ഹാജരാക്കാത്തവരെ ഒരു കാരണവശാലും  ലേലത്തിൽ പങ്കു ചേരാൻ അനുവദിക്കുന്നതല്ല. നിരതദ്രവ്യം ഡിമാൻഡ് ഡ്രാഫ്റ്ററായി മാത്രം സ്വീകരിക്കുന്നതാണ്. നിരതദ്രവ്യം അടക്കം ചെയ്യാത്തതും അപൂർണവുമായ  ക്വട്ടേഷനുകൾ നിരുപാധികം നിരസിക്കുന്നതാണ്. ലേലം സംബന്ധിച്ച് സർവകലാശാലയിലും സംസ്ഥാനത്തും നിലവിലുള്ള എല്ലാ നിയമങ്ങളും ഈ ലേലത്തിന് ബാധകമായിരിക്കും.

ഏതൊരു കാരണവും കൂടാതെ ലേലം/ ക്വട്ടേഷൻ നിർത്തി വയ്ക്കുന്നതിനുമുള്ള അവകാശം താഴെ ഒപ്പിട്ടിരിക്കുന്ന ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കും.

sd/-

**അസിസ്റ്റന്റ് എൻജിനീയർ**

01.12.2016